JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Service With Love
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

27.11.2024

# കാൻസർ ഗവേഷണത്തിന് പുതിയ വഴികൾ തുറന്ന് പ്രൊഫ. റിച്ചാർഡ് ഗ്രോസിന്റെ സന്ദർശനം

ലോകപ്രശസ്ത കാൻസർ സെൽ ബയോളജി വിദഗ്ധനും  ലണ്ടൻ ബാർട്ട്സ് സെന്റർ ക്വീൻ മേരി യൂണിവേഴ്സിറ്റി പ്രൊഫസറുമായ റിച്ചാർഡ് ഗ്രോസ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു. ജൂബിലിയിലെ കാൻസർ ഗവേഷണ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ് പ്രൊഫസർ ഗ്രോസ് അതിനെ അഭിനന്ദിക്കുകയും സംയുക്ത പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ ആശുപത്രി അധികൃതരുമായി ചർച്ച ചെയ്യുകയും ചെയ്തു.   ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ , ഗവേഷണവിഭാഗത്തിലെ ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. അലക്സ് ജോർജ്ജ്, ഡോ. മാത്യു ജോൺ, ഡോ. സുരേഷ്കുമാർ എന്നിവരുമായി സംവദിച്ചു.  ഈ കൂടിക്കാഴ്ച്ച കേരളത്തിന്റെ ആരോഗ്യരംഗത്ത് പുതു ചരിത്രം രചിക്കാനുള്ള തുടക്കം കൂടിയാകുമെന്ന് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികൾ വ്യക്തമാക്കി.